# പതിനാലാം കേരളനിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3352 — 22/08/2017-ൽ മറുപടിക്ക്

## കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ പുരോഗതി

| ചോദ്യം<br>ശ്രീ.പി.ടി. തോമസ് | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | കൊച്ചിയെ സ്മാർട്ട് സിറ്റി ആക്കുവാനുള്ള പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ; | എ) | നഗരങ്ങളുടെ സുസ്ഥിര വികസനത്തിനും നഗര ജീവിത നിലവാരം ഉയർത്തുന്നതിനും ലക്ഷ്യമിട്ട് 100 നഗരങ്ങളെ സ്മാർട്ടാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കായി സംസ്ഥാനത്ത് നിന്ന് തിരഞ്ഞെടുക്കപ്പെട്ടത് ആദ്യമായി കൊച്ചി നഗരമാണ്. പദ്ധതി നിർവ്വഹണത്തിനായി കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (കമ്പനി) രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി ചെയർമാനായ ബോർഡാണ് കമ്പനികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. 2076.24 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്.<br><br>പദ്ധതി നിർവ്വഹണത്തിന് സാങ്കേതിക സഹായത്തിനായുള്ള കൺസൾട്ടന്റായി ഐ.പി.ഇ ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡിനെ ദർഘാസ് മുഖേന തിരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ നിർവ്വഹണ സഹായ ഏജൻസിയായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ (കെ.എം.ആർ.എൽ) നിയമിക്കുകയും ചെയ്തു.<br><br>പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി പദ്ധതി മേഖലയെ മൂന്ന് |

| | | | |
|---|---|---|---|
| | | | നഗരാസൂത്രണ മേഖലകളായി തിരിച്ചിട്ടുണ്ട്. ഈ മേഖലയ്ക്കായുള്ള ആസൂത്രണ നഗര ഗ്രാമസൂത്രണ വകുപ്പാണ് നിർവ്വഹിക്കുന്നത്. കൂടാതെ കൊച്ചി നഗരത്തിലെ ഗതാഗത മാർഗ്ഗങ്ങൾ (ജലഗതാഗതം ഉൾപ്പെടെ) കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ കെ.എം.ആർ.എൽ ആസൂത്രണം ചെയ്തുവരുന്നു. നഗര ഗതാഗതം ഐ.ടി സെക്ടർ തുടങ്ങിയ സെക്ടറുകളിൽ ഭരണാനുമതി നല്കി.<br>(പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.) |
| (ബി) | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും നഗരസഭകളുടെയും സ്വകാര്യപങ്കാളികളുടെയും വിഹിതമായി എത്ര കോടി രൂപയുടെ വികസനപദ്ധതികളാണ് കൊച്ചിയിൽ ആസൂത്രണം ചെയ്തിട്ടുള്ളത്; | (ബി) | കേന്ദ്ര വിഹിതമായ 500 കോടി രൂപയും സംസ്ഥാനത്തിന്റെയും നഗരസഭയുടെയും സംയുക്ത വിഹിതമായ 577 കോടി രൂപയും മറ്റ് പദ്ധതികളുടെ സംയോജിത വിഹിതമായ 505 കോടി രൂപയും പൊതു സ്വകാര്യ പങ്കാളിത്തത്തോടെയും മറ്റ് ഫണ്ടിംഗ് ഏജൻസികളിലൂടെയും സമാഹരിക്കുന്ന 494 കോടി രൂപയും ചേർത്ത് ആകെ 2076 കോടി രൂപയുടെ വികസന പദ്ധതികളാണ് സ്മാർട്ട് സിറ്റി പദ്ധതിക്കായി ആസൂത്രണം ചെയ്തിട്ടുള്ളത്. |
| (സി) | പദ്ധതി നടത്തിപ്പിനായി രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഇതിനകം നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; | (സി) | 2016 മാർച്ച് 16-ന് കൊച്ചിൻ സ്മാർട്ട് സിറ്റി മിഷൻ ലിമിറ്റഡ് എന്ന പേരിൽ കമ്പനി രജിസ്റ്റർ ചെയ്ത് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചാണ് സ്മാർട്ട് സിറ്റി മിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ പങ്കാളിയുമായി കെ.എം.ആർ.എൽ-നെ നിയോഗിച്ചിട്ടുണ്ട്. നഗര ഗതാഗതം ഐ.ടി തുടങ്ങിയ |

| | | | |
|---|---|---|---|
| | | | വിഭാഗങ്ങളിലായി 6 പദ്ധതികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. 61.70 കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നല്കിയത്. (പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്) |
| ഡി) | പദ്ധതി നടത്തിപ്പിൽ എന്തെങ്കിലും കാലതാമസം വന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | ഡി) | സ്മാർട്ട് സിറ്റി പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കാനാവശ്യമായ ഭരണപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെ (ഐ.പി.ഇ ഗ്ലോബൽ കമ്പനി) ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ അംഗീകാരം ലഭിച്ചാലുടൻ നിയമിക്കുന്നതാണ്. പദ്ധതിയുടെ നടത്തിപ്പിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി സിവിൽ സപ്ലൈസ് മാനേജിംഗ് ഡയറക്ടർ ശ്രീ.മുഹമ്മദ് ഹനീഷ് ഐ.എ.എസ്സ്-നെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | പ്രവർത്തി | എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | ഹോസ്പിറ്റൽ റോഡ് ഒഴികെയുള്ള റോഡുകളുടെ അടിസ്ഥാന സൗകര്യം പുന:രൂപകല്പന ചെയ്യുന്നതിനും, ABD പ്രദേശത്തെ റോഡുകളിൽ സ്മാർട്ട് സൈനേജ് സിസ്റ്റം രൂപകല്പന ചെയ്യുന്നതിനും ഒരു ഡിസൈൻ കൺസൾട്ടന്റിനെ നിയമിക്കുന്നത് | 120.00 |
| 2. | ഹോസ്പിറ്റൽ റോഡിൽ നടപ്പാത നിർമ്മിക്കുന്നത് | 1000.00 |
| 3. | ഹൈക്കോടതി മുതൽ ഗോശ്രീ ജംഗ്ഷൻ വരെ നടപ്പാത നിർമ്മിക്കുന്നത് | 540.00 |
| 4. | ഫോർട്ട് കൊച്ചി, CBD പ്രദേശങ്ങളിൽ സ്മാർട്ട് ബൈസൈക്കിൾ ഷെയറിംഗ് സിസ്റ്റം നടപ്പിലാക്കുന്നത് | 10.00 |
| 5. | താഴെപ്പറയുന്നവയുടെ നടപ്പിലാക്കൽ, നടത്തിപ്പ് അറ്റകുറ്റപ്പണികൾ<br>- സെന്ട്രലൈസിഡ് കമാൻഡും, നിയന്ത്രണ കേന്ദ്രം<br>- ABD പ്രദേശത്ത് ITS | 4,500.00 |
| 6. | നഗരത്തിൽ Wi-Fi ആവിഷ്കരിക്കുന്നതിന് | കണക്കാക്കേണ്ടതുണ്ട് |
| 7 | ആകെ | 6,170.00 |